**കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം**

ഡി കെ എസ് എ 63/ഒ&എം1/2021 തിയ്യതി:06/01/2021

## പരിപത്രം

| | |
|---|---|
| വിഷയം: | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് -ജീവനക്കാര്യം-1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ -ഭൂസ്വത്തുക്കളും മറ്റു നിക്ഷേപങ്ങളും സംബന്ധിച്ച് 2020 ലെ പത്രിക സമർപ്പണം-ഓൺലൈൻ(ഇന്റർനെറ്റ്)വഴി-സംബന്ധിച്ച് |

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ മുപ്പത്തിയേഴാം ചട്ടപ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും (ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി മാസത്തിൽ മുൻവർഷാവസാനത്തിൽ അവരുടെ കൈവശത്തിലോ അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്തിലോ ഉള്ള സ്ഥാവര-ജംഗമ വസ്തുക്കളും (movable/immovable properties) മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് ഓരോ പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

24/01/2017 ലെ സ.ഉ.(കൈ)നം.32/2007/പൊ.ഭ.വ ഉത്തരവ് പ്രകാരം സ്വത്ത് വിവരങ്ങൾ സംബന്ധിച്ച പത്രികാ സമർപ്പണം ഓൺലൈൻ വഴി (ഇന്റർനെറ്റ് മുഖേന) നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പത്രിക സമർപ്പിക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർ 2020 ലെ പത്രികാ സമർപ്പണം 2021 ജനുവരി 11 മുതൽ 27ാം തിയ്യതിക്കകം ഓൺലൈൻ വഴി നടത്തേണ്ടതാണ്. ഓരോ ഉദ്യോഗസ്ഥരും **SPARK** ൽ വ്യക്തിഗത അക്കൗണ്ടിലേക്ക് **log in** ചെയ്ത് **property returns** എന്ന ലിങ്കിൽ ഭൂസ്വത്തുക്കളും മറ്റു നിക്ഷേപങ്ങളും സംബന്ധിച്ച 2020 ലെ പത്രിക സമർപ്പണം നടത്തേണ്ടതാണ്. **കടലാസ് മുഖേനയുള്ള പത്രികാ സമർപ്പണം സ്വീകരിക്കുന്നതല്ല.**

അവസാന തിയ്യതിയ്ക്ക് ശേഷം പത്രികാ സമർപ്പണം ഓൺലൈനായി നടത്താൻ കഴിയില്ല എന്നതിനാൽ അവസാന തിയ്യതി വരെ കാത്തിരിക്കാതെ പത്രികാ സമർപ്പണം നടത്തേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ഈ വകുപ്പിലെ എല്ലാ ഉപകാര്യാലയ മേധാവിമാർക്കും (എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും ഓഫീസ് അറ്റന്റമാർ ഉൾപ്പെടെയുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും സർക്കുലേറ്റ് ചെയ്യണമെന്ന നിർദ്ദേശത്തോടെ)

മുഖ്യകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും.

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം
(signature)
ഓഡിറ്റ് ഓഫീസർ

**ഫോൺ : 0471-2303640** **ഇ-മെയിൽ :** cru.ksad@kerala.gov.in